Mr. P. S. Kesavan Nambudiri.—I oppose the resolution. At the same time I am not also unaware of the defects of the working of a Public Service Commission like this. In our neighbouring State(British India)we find that when there occurs a vacancy applications are invited by the Commission and so many candidates flock to Madras. Sometimes hundreds and even thousands flock there and practically all of them have to return disappointed. Very often they have to undergo an ordeal of examination also. There are defects in the working of the Commission. Here we can make necessary alterations and make some reforms in that line also. This is a necessary evil to alleviate the communal rankle for Government posts. Some such remedy is highly necessary (*Hear, hear*). Here in this State we find always communal rankle for Government appointments. Take for instance the head of a department who is a Christian. Christian community may be unrepresented or in that department there may not be any Christian at all and suppose a Christian is appointed in his department. At once people will begin to condemn the action and attribute communal partiality to that department. On the other hand when the head of the department is a Brahmin a Christian is appointed, nobody will condemn that. Therefore, if there is a Commission consisting of members of different communities then there would be less chance for communal critisisms. The Hon'ble Member for Trichur just now said that this State is too small for having a costly Commission like this. Though our State is very small, are we not having a Legislative Council like this? The Hon'ble Member for Nemmara says that when we have got an impartial man at the Head of the State, there is no pressing necessity now. That is all the more reason why we should have a Commission, because this Head of the State is not permanent. Even recently we had an inter regnum. Similarly we may have another in the near future. In these circumstances it is highly necessary that a democratic body should exist for acting as check and counter-check. Then there would be less grievance on the part of the people clamouring for jobs. This is specially necessary in the interests of the unrepresented and minority communities. Therefore, I strongly oppose this resolution.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഒരു സംശയം എനിയ്ക്ക ഗവണ്മെൻറിനോടു ചോദിച്ചറിഞ്ഞാൽകൊള്ളാം. എല്ലാ ഉദ്യോഗങ്ങളും—അഡ്വായിൻറുമെൻറ്സ്, പ്രമോഷൻ മുതലായവയെല്ലാം—ഈ കമ്മീഷനെക്കൊണ്ടു ചെയ്യിക്കാമെന്നാണോ ഗവണ്മെൻറു വിചാരിയ്ക്കുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ.—ഇപ്പോൾ അതിനെപറ്റി തീർച്ചയായിട്ട് ഒന്നും പറയുവാൻ സാധിയ്ക്കയില്ല. അതിലേയ്ക്കുള്ള റൂൾസ് ഇനിയും frame ചെയ്തു കഴിഞ്ഞിട്ടില്ല. എങ്കിലും first അപ്പോയിൻറുമെൻറിനുള്ള അധികാരം നിശ്ചയമായും ഉണ്ടായിരിയ്ക്കും.

Mr. K. G. Nayar.—Even including peons' appointments?

Rama Varmha Tampuran.—Peons' also must be included.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇതു് താണ ഗ്രേഡ് മുതല്ക്കു അവസാനംവരെ, ഏറ്റവും വലിയ ഉദ്യോഗംവരെ, ഉണ്ടാക്കീമോ?

രാമവർമ്മതമ്പുരാൻ.—അതാണു പറഞ്ഞതു്, റൂൾസ് ഒന്നും നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല എന്നു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—കമ്മീഷൻ നടത്തുന്നതായ ഉദ്യോഗനിയമനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ദിവാൻജിക്കു അവകാശമുണ്ടോ?

രാമവർമ്മതമ്പുരാൻ.—അറിയാൻ തരമില്ല. ആ സംഗതിയെപറ്റി ഒരു റൂളും ഇതുവരെ frame ചെയ്തുകഴിഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ റൂൾസെല്ലാം frame ചെയ്തുകഴിഞ്ഞതിനുശേഷം ഈ കൌൺസിലിലെ മെമ്പർമാർക്ക് അതിനെപ്പറ്റി എന്തെങ്കിലും സംഗതികൾ പറയുവാനുണ്ടെങ്കിൽ അതിനുള്ള അവസരം തരുമോ?

രാമവർമ്മതമ്പുരാൻ.—ഡെഫനിറ്റ് ആയിട്ട് അതിനൊരു മറുപടി പറയുവാൻ പെട്ടെന്നു സാധിയ്ക്കയില്ല.

Mr. K. G. Nayar.—Have not the rules been framed in respect of this Commission?

Rama Varmha Tampuran.—No.

Dr. A. R. Menon.—Suppose there is an appointment of a Port Officer on Rs. 750. Who will make the appointment? Will it be the Committee or Government?

Mr. M. A. Chakko.—Committee will select the hand.

Mr. P. Kumaran Ezhuthassan.—We want to have the information from the Government. Not from non-official Members.

Rama Varmha Tampuran.—Most probably it will vest with the Government. I cannot give a definite answer. Rules have not yet been framed. I am not in a position to answer. If it is a selection appointment in which an expert has to be appointed from outside, most probably Government will make the appointment.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon.—Suppose there is a vacancy in the Excise Department. Who will be appointing—Excise Commissioner or the Committee?

Rama Varmha Tampuran.—Generally, as a rule, promotion may not go to the Commission for decision.

Mr. P. Kumaran Ezhuthassan.—After the rules are framed will the Council be given an opportunity to discuss rules?

Rama Varmha Tampuran.—I cannot give an answer at present. The rules have not yet been framed.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നതിൽ ഇവിടെ ഇതിനെതിരായിട്ട് സംസാരിച്ച മാന്യ മെമ്പന്മാർ തീച്ചയായും എന്നെ തെറ്റിദ്ധരിയ്ക്കുമെന്നു എനിയ്ക്കു ബോദ്ധ്യമുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ—ആരും തെറ്റിദ്ധരിക്കയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇതിനെതിരായിട്ട് സംസാരിച്ച മാന്യ സാമാജികന്മാർ ഒന്നുകിൽ അവശസമുദായങ്ങളിൽ പെട്ടവരെ, അല്ലെങ്കിൽ അവശസമുദായങ്ങളുടെ പ്രതിനിധിം വഹിയ്ക്കുന്നവരെ, അല്ലാത്തപക്ഷം ന്യൂന കക്ഷികളും ഗവർമ്മേണ്ടു കീഴിൽ ധാരാളം ഇദ്യോഗമില്ലാതിരിയ്ക്കുന്നവരുമായ സമുദായത്തിൽ പെട്ടവരോ ആണ്. അവരുടെ വർഗ്ഗത്തിൽ പെട്ട ഒരുവനാണ് ഞാനും. എന്നാൽ ഞാൻ അവരെ മാത്രമായി പ്രതിനിധീകരിയ്ക്കുന്നില്ലന്നേയുള്ളു. അവർ പറയുന്ന ന്യായങ്ങൾ ശരിയാണെങ്കിൽ തീച്ചയായും ഞാൻ അതിനെ എതിർക്കുന്നു. എന്റെ എളിയ അഭിപ്രായത്തിൽ വലിയ അപകടമായ ഭ്രമകല്പനകളൊന്നും ഇപ്പോൾ നടന്നിട്ടില്ല. ഇപ്പോഴുള്ളതായി പറയുന്ന ഭയം ഉദ്യോഗ നിയമനങ്ങളിൽ അധികാരമുള്ള ഡിപ്പാർട്ടുമെണ്ടിന്. മേലദ്ധ്യക്ഷന്മാർ ഏതു ജാതിയിൽ പെട്ടിരിയ്ക്കുന്നുവൊ ആ ജാതിയിൽനിന്നും അധികം ആളുകളെ ആ ഡിപ്പാർട്ടുമെണ്ടിൽ വയ്ക്കുന്നുവെന്നുള്ളതാണ്. അതിനു ഉദാഹരണമായി തെക്കെ ഇഴുവ മെമ്പർ, അദ്ദേഹത്തിന്റെ സമുദായത്തിൽപെട്ട ഒരു ഡിപ്പാർട്ടുമെണ്ടു് മേലദ്ധ്യക്ഷനെ പറ്റിയുള്ള ചോദ്യങ്ങളും അതിൽനിന്നുള്ള ധാനികളും മറ്റും, ഈ അവസരത്തിൽതന്നെ വളരെ സാമർത്ഥ്യത്തോടുകൂടി ചൂണ്ടിക്കാണിക്കുകയുണ്ടായി. ദീനത്തിനു് ചികിത്സിയ്ക്കാമെന്നല്ലാതെ വേറെ വല്ലതിനും ചികിത്സ ചെയ്യുക പതിവുണ്ടോ? അങ്ങിനെ ഒരാൾ വഴി തെറ്റിപ്പോയാൽ അയാളെ ശരിയായ വഴിയ്ക്കു തിരിച്ചു കൊണ്ടുവരികയാണു വേണ്ടതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഒരാളല്ല, എല്ലാവരും അങ്ങിനെയാണു്. ശിക്ഷ കൊടുക്കേണ്ടവരെ ശിക്ഷിയ്ക്കാവുന്നതാണു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഉദ്യോഗ നിയമനത്തിൽ പ്രാതിനിധ്യം ഇല്ലാത്തവരെ ഗവർമ്മേണ്ടു് അവഗണിയ്ക്കുന്ന ഏ

LIBRARY ARCHIVES Kerala Legislative Assembly

ന്നു പറയാൻ ഞാൻ ഒരുക്കമില്ല. അവരുടെ ആവശ്യങ്ങൾ ശരിയാംവണ്ണം ചൂണ്ടിക്കാണിച്ചിട്ടും ഗവർമ്മേണ്ടിൽനിന്നും അതിനനുസരിച്ച് വേണ്ടവിധം ചെയ്യാത്ത സംഗതികൾ അധികം കാണുകയില്ല. ഏതെങ്കിലും അവശ സമുദായത്തിലേയോ പ്രതിനിധി കുറഞ്ഞ സമുദായത്തിലേയൊ ഒരാളെ ഉദ്യോഗത്തിൽ വയ്ക്കണമെന്നു് അതിനധികാരപ്പെട്ട ഉദ്യോഗസ്ഥനു ചൂണ്ടിക്കാണിച്ചു കൊടുത്താൽ മിക്കവാറും എല്ലായ്പ്പോഴും അതനുസരിച്ചു ചെയ്യാറുണ്ടെന്നാണു് എന്റെ അറിവ്. അപൂർവ്വം ചില അവസരങ്ങളിൽ സാദ്ധ്യമല്ലെന്നും വരാം. മേലധികാരികളുടെ അധികാരത്തെ വ്യഭിചരിയ്ക്കുന്നതായിട്ടു് തീരുമെന്നു് എനിയ്ക്കു തോന്നുന്നില്ല. ഉദ്യോഗനിയമന വിഷയത്തിൽ ശരിയായ ഒരു നയം ഗവർമ്മേണ്ടിനുണ്ടാകയും അതുപ്രകാരം ഡിപ്പാർട്ടുമെണ്ടു് മേലദ്ധ്യക്ഷന്മാർ നടക്കുന്നില്ലയോ എന്നു നിഷ്കൃഷ്ടയായി അധികാരമുള്ളവർ നോക്കുകയും ചെയ്യാൽമതി.

പിന്നെ സർവ്വീസ് കമ്മീഷനിൽതന്നെ കമ്മ്യൂണൽ റിസർവേഷനും വേണമെന്നു് അപേക്ഷയുണ്ടെന്നും ഗവർമ്മേണ്ടു ഭാഗത്തുനിന്നും പറയുകയുണ്ടായി. എങ്ങനെയാണു് അതു സാദ്ധ്യപ്പെടുക? ഒരിയ്ക്കലും സാദ്ധ്യമാവുകയില്ല. അപ്പോൾ വഴക്കു് അതിനെ പറ്റിയാവും. കൊച്ചീ രാജ്യത്തിൽ അനവധി കമ്മ്യൂണലിറിസ് ഉണ്ടു്. അവരെല്ലാം അവരവരുടെ പ്രതിനിധികളെ കമ്മീഷനിൽ വയ്ക്കണമെന്നാവശ്യപ്പെട്ടാൽ ആയതു് ഒരിയ്ക്കലും സാദ്ധ്യമല്ലല്ലോ

പിന്നെ കമ്മീഷന്റെ നിയമനത്തിൽ വല്ലതും ഭിവാൻജിയ്ക്കു ഭേദഗതിചെയ്യാൻ അധികാരമുണ്ടായിരിയ്ക്കുമോ എന്നു ഞാൻ ചോദിച്ചതിനു് ശരിയായ മറുപടിയൊന്നും കിട്ടിയില്ല. ഉണ്ടാകയില്ല എന്നാണെങ്കിൽ,—ഉണ്ടായിരിക്കാനാണു് വഴിയുള്ളതു്—അതും വളരെ ഭംഗിയാവുകയില്ല. ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷന്മാർ വഴി തെറ്റി പോയിട്ടുണ്ടെങ്കിൽ അതു ശരിപ്പെടുത്തുവാനുള്ള അധികാരം ഭിവാൻജിയ്ക്കുണ്ടു്. അങ്ങനെ അധികാരമുണ്ടെങ്കിലും അവനവന്റെ കീഴിലുള്ള ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷന്മാർ ചെയ്യുന്ന നിയമനങ്ങളിൽ എല്ലായ്പ്പോഴും കൈ ഇടുവാൻ മനസ്സില്ലാതിരിയ്ക്കുവാനിടവരുമെന്നു നമുക്കറിയാം. തെക്കെ ഇഴവ മെമ്പർ പറഞ്ഞതുപോലെ അങ്ങനെയുള്ള ഒരാളാണു് അദ്ദേഹമെങ്കിൽ നമുക്കു് അദ്ദേഹത്തെപോലുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വേണ്ട എന്നു വച്ചാൽ മതി. എന്നാൽ ഇപ്പോഴത്തെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസരുടെ പേരിൽ അങ്ങനെയുള്ള ഒരു പരാതി വരുമെന്നു് ആലോചിക്കേണ്ട ആവശ്യമേയില്ല. എന്താണെന്നുവച്ചാൽ ഇന്നു അവശ സമുദായങ്ങളുടെ കാര്യത്തെപറ്റി ഒരു സംഗതി ഭിവാൻജി അവർകളെ അറിയിച്ചാൽ അദ്ദേഹം നിവൃത്തിയുള്ളിടത്തോളം ചെയ്തുകൊടുക്കാറുണ്ടെന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ അറിവു". അങ്ങനെയുള്ള ഒരു ഗുണം ഈ കമ്മീഷനിൽ നിന്നും അവശ്യമുള്ളതായത്തിനും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഗവർമ്മെണ്ടു് പല അവസരങ്ങളിലും ഉദ്യോഗ നിയമനം, പ്രമോഷൻ കൊടുക്കുക മുതലായവയ്ക്കു് ചില ഡെഫനിറ്റ് റൂൾസ് ഉണ്ടെന്നു പറഞ്ഞുകാണുന്നുണ്ടു്. റൂൾസ് ഒക്കെയുണ്ടെന്നുള്ളതു് ഇവിടെ നോക്കിയാൽ എനിയ്ക്കും കാണാം. എന്നാൽ അതു് നടപ്പിൽ കൊണ്ടുവരുന്നില്ല എന്നേയുള്ളു. ഈ സർവ്വീസു കമ്മിഷൻ വച്ചാലും അതിലും കുറെ റൂൾസൊക്കെ ഉണ്ടാക്കണമെന്നാണു് പറഞ്ഞതു്. ആ റൂൾസുപ്രകാരം അവരും നടന്നാൽ മാത്രമേ ശരിയാകയുള്ളു, അതുപോലെതന്നെ റൂൾസ് അനുസരിച്ചു ശരിയായി നടക്കണമെന്നു ഡിപ്പാർട്ടുമേണ്ടു മേലധ്യക്ഷന്മാരോടു കല്പിച്ചു് അവക്കു വേണ്ട ഉൽബോധനം കൊടുക്കുന്നതായാൽ,—നിങ്ങൾ അതിൽനിന്നും വഴി തെറിയാൽ നിങ്ങളുടെ കാര്യത്തിൽ വളരെ കർശനമായ നടപടി നടത്തുന്നതാണെന്നു പറഞ്ഞാൽ—മതി. പിന്നെ അവർതെറി പോകയില്ല. ഉദ്യോഗ നിയമന കാര്യത്തിൽ ഒരു തുല്യത വയ്ക്കുകയാണെങ്കിൽ—ഡെഫനിറ്റ് റൂൾസ് ഉണ്ടായിക്കഴിഞ്ഞാൽ—ഈ ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകയില്ല. സർവ്വീസു കമ്മിഷനാകുമ്പോൾ റൂൾസ് അനുസരിച്ചു നടക്കുമെന്നു പറയുന്നു. അതു് ഇവക്കുമാകുമോ? സർവ്വീസു കമ്മിഷൻ വയ്ക്കുന്നതുകൊണ്ടു് പലയ ഗുണമൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. യോഗ്യന്മാരായ ആളുകളെയാണു് തിരഞ്ഞെടുക്കുന്നതെന്നു വരികിലും അവർ മൂന്നുപേരും തമ്മിൽ യോജിച്ചാൽ മതി. ഏ യുടെ ഭാര്യ ഏ യുടെ ആളെ വക്കണമെന്നായിരിക്കും. ഉടനെ ബി യും സി യും ഏ യുടെ കാര്യത്തിൽ തലകുലുക്കും. അപ്പോൾ സർവ്വീസ് കമ്മീഷൻ ഏയുടെ ഭാഗത്തായി. അങ്ങനെയുള്ള ചില അറേഞ്ചുമെന്റെല്ലാമുണ്ടാകും. ഏതേങ്കിലും ഡിപ്പാർട്ടുമെണ്ടു മേലധ്യക്ഷന്മാരോടു് സ്നേഹമുണ്ടെങ്കിൽ അവർക്കും ഇവരെക്കൊണ്ടു ഉപകാരമുണ്ടാകും. എന്നാൽ ഇതൊന്നുമില്ലാത്ത യോഗ്യന്മാരെകിട്ടിയെന്നും വരാം. അങ്ങനെയുള്ള ഒന്നോ രണ്ടോ ആളുകളുപറ്റി മാത്രമേ കടലാസിലും മറ്റും കാണുന്നുള്ളു. അവർ ചിരം ജീവികളുമല്ല മനുഷ്യസ്വഭാവം അനുസരിച്ചു ഇവർക്കും അപകടം വന്നുവെന്നു വരാം. എങ്കിലും പത്തു നിയമനങ്ങളിൽ ഏതാനുമേങ്കിലും ശരിയാകാതിരിക്കയില്ല. ഭിവാൻജി ക്ലീടി ശുദ്ധിപ്പിച്ചാൽ പിന്നെ ഈ ഇമിഗ്രേഷൻ പണികളൊന്നും നടക്കുവാനിടയില്ല. ഭാരതപുഴക്കപ്പുറമുള്ള കാര്യങ്ങൾ കാപ്പി ചെയ്യണമെന്നുള്ള നയം എപ്പോഴും ശരിയാകയില്ല. അതിൽ ഒരു നീതിയും കാണുന്നില്ല. നല്ല സംഗതികളെ എടുക്കുക, ചീത്തയേ വേണ്ട എന്നു വക്കുക; അല്ലാതെ അതിനെ കണ്ണടച്ചു കാപ്പി ചെയ്യുന്നതുകൊണ്ടു നമുക്കുള്ള ദോഷമെന്താണെന്നു വച്ചാൽ, അവിടെ അനുഭവം ഉള്ളവർ പറയുന്നതു സർവ്വീസ് കമ്മീഷനിലും എക്സ്കൂ

LIBRARY ARCHIVES Kerala Legislative Assembly

ട്ടീവ് കൌൺസിലിലും ഉള്ള മെമ്പർമാർ അവരുടെ ബന്ധുക്കൾ, ബന്ധുക്കളുടെ ബന്ധു എന്നുള്ള അവകാശം വിഴുങ്ങി ഉദ്യോഗങ്ങൾ അവർക്കു കൊടുക്കുകയല്ലാതെ ബാക്കിയുള്ളവർക്കു കിട്ടുമോ ഇല്ലയോ എന്നുള്ളതു സംശയമാണ് എന്നാണ്. വേണമെങ്കിൽ നമുക്കു അന്വേഷിച്ചാൽ കാണാം. അതു ഇവിടെ പകർത്തുന്നതിനേ ഞാൻ പറയുന്നുള്ളു. അവിടെ അവരുടെ ബന്ധുത്വത്തിൽപ്പെട്ട ആളുകളുടെ നിയമനംപോലെ ഇവിടെയും ഇവർ നടത്തിത്തുടങ്ങും. അതുകൊണ്ടാണ് നല്ലതുമാത്രം എടുത്തു ചീത്തയെ തള്ളിക്കളയണമെന്നു ഞാൻ പറയുന്നതു്. സർവ്വീസ് കമ്മീഷൻ എല്ലാത്തിലും മേലാണെന്നു വന്നാലും ഇപ്പോൾയോ മറേറാ വരുമ്പോൾ, റൂൾസ് കൊണ്ടു് അധികാരമുണ്ടെങ്കിൽ തന്നേയും ദിവാൻജി അതിൽ കൈവെലുത്താൻ മടിക്കും. ഡിപ്പാർട്ടുമെണ്ടു് മേലദ്ധ്യക്ഷന്മാർക്കു മുമ്പുള്ളതുപോലെ കമ്മീഷന്റെമേൽ കൈവക്കുവാൻ സാധിക്കയില്ല് അതുനിമിത്തം ഒരു തരത്തിൽ ഈ സർവ്വീസ് കമ്മീഷനെകൊണ്ടു ഒരു വലിയ നേട്ടം ഈ കൊച്ചു രാജ്യത്തുണ്ടാകുമെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല കുറച്ചു ചിലവുണ്ടാകും, അതിന്റെ എസ്റ്റാബ്ലിഷ്മെണ്ടിനും കമ്മീഷനും മറ്റുമായിട്ടു എന്നു മാത്രമേയുള്ളു.

ഇപ്പോൾ പുതുതായി ഏർപ്പെടുത്തീട്ടുള്ള ആയുർവ്വേദ ആസ്പത്രിയിലെ വിസിറിംഗ് ഫീ കൊടുക്കുന്നതു് ഇവിടെ ഉദാഹരണമായി പറയാം. ഇവിടെ ഒന്നു പറയുകയുണ്ടായി, ജഡ്ജിമാരെപോലെ വളരെ ആലോചന ചെയ്താണ് കമ്മീൻ ഉദ്യോഗകാര്യം തീർച്ചപ്പെടുത്തുക എന്നു് തീയറി തീരുന്നതിനു് മുമ്പു് പ്രാക്ററീസ് തുടങ്ങുന്നതു ശരിയല്ല. ബ്രിട്ടീഷിലെ അനുഭവം എന്താണെന്നുള്ളതു് നല്ലപോലെ ആലോചിക്കണം. ഇവിടെ ഇതുവരെ റൂൾസ് ഒന്നും frame ചെയ്തിട്ടില്ല എന്നു പറയുകയുണ്ടായി. കൂടാതെ അതാതു ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം എന്താണെന്നു് അന്വേഷിച്ചിട്ടില്ലെന്നും പറഞ്ഞു. അതെല്ലാം അന്വേഷിക്കുന്നതോടുകൂടി ബ്രിട്ടീഷിലെ അനുഭവവും ഒന്നന്വേഷിച്ചറിയേണ്ടതാണ്.

ഏതായാലും ശവമ്മെണ്ടു് മെമ്പർമാർ ഇക്കാര്യത്തിൽ യോജിച്ചു നിന്നാലും അനുദ്യോഗസ്ഥ മെമ്പർമാരെല്ലാം അവക്കെതിരായിട്ടു വോട്ടു ചെയ്യണമെന്നപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. സി. വക്കീൽ.—സർ, പബ്ലിക്കു് സർവ്വീസ് കമ്മീഷൻ വേണമോ വേണ്ടയൊ എന്നു തീർച്ചയായ ഒരു അഭിപ്രായം പറയാൻ കാലമായിട്ടില്ല. ഒന്നാമതായിട്ടതന്നെ അതിലേക്കുള്ള റൂൾസ് എന്തെല്ലാമാണെന്നു ശരിയായി അറിയണം. ആ റൂൾസ് പബ്ലിക്കു് സർവ്വീസിൽ പ്രാതിനിധ്യക്കുറവനുഭവിക്കുന്ന സമുദായങ്ങൾക്കു് ഇണം സിദ്ധിക്കത്തക്ക വിധത്തിലുള്ള വയായിരിക്കുമെന്നാണ് എന്റെ ബലമായ വിശ്വാസം. അങ്ങനെയെങ്കിൽ കമ്മീ

LIBRARY ARCHIVES Kerala Legislative Assembly

ഷൻ ആവശ്യമാണെന്നു തന്നെ. ഈ നാട്ടിൽ സമുദായ മത്സരം ഇല്ലാ, എങ്കിലും പ്രത്യേക സമുദായങ്ങൾക്കു് സർവ്വീസിൽ പ്രാതിനിധ്യം കുറവില്ല, എന്നൊക്കെ പറഞ്ഞാൽ നിഷ്പക്ഷപാതികളാരും അതു വിശ്വസിക്കുകയില്ല. കൊച്ചി രാജ്യത്തായാലെന്നല്ല, നാട്ടുരാജ്യങ്ങളിലെവിടേയും സമുദായ മത്സരത്തെ വളർത്തുന്ന ഒരു പ്രധാന സംഗതി ഉദ്യോഗ വിതരണ വിഷയത്തിൽ സമുദായങ്ങൾ തമ്മിലുള്ള കടിപിടിയാണു്. നായന്മാർ, ക്രസ്ത്യാനികൾ തുടങ്ങി ഏതു സമുദായക്കാരായാലും സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കാനുള്ള ഘട്ടം വരുമ്പോഴാണു് നമ്മുടെ പരസ്പരം മത്സരം ഉണ്ടാകാറുള്ളതു്. മറു പ്രകാരത്തിൽ അവരെല്ലാവരും സൌഹാർദ്ദത്തോടെ കഴിഞ്ഞു കൂടും. നാട്ടു രാജ്യങ്ങളിലെ "പൊളിറ്റിക്സ്" എന്താണെന്നു ചോദിച്ചാൽ ഉദ്യോഗാപേക്ഷണങ്ങൾക്കു വേണ്ടിയുള്ള മത്സരമാണെന്നാണു് സാമാന്യമായി പറയാവുന്നതു്: അതല്ലെന്നു പറയുന്നതു ഒരിക്കലും നേരല്ല. ബഹുമാനപ്പെട്ട ചെറുതുരുത്തി മെമ്പർ പറഞ്ഞതുപോലെ കാളേജിൽനിന്നും ആയിരക്കണക്കിനു് ബി. എ. ക്കാരെ പ്രതിവർഷം തള്ളിവിടുന്നതു നാമിത്തം വിദ്യാഭ്യാസമുള്ളവരുടെ ഇടയിൽ തൊഴിൽ ഇല്ലായ്മ വർദ്ധിച്ചുവരുന്ന ഇക്കാലത്തു്, ഉദ്യോഗങ്ങൾക്കുവേണ്ടി വഴക്കുണ്ടാകയില്ല എന്നു പറഞ്ഞാൽ ആരു വിശ്വസിക്കും? നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ കൊല്ലന്തോറും വർദ്ധിച്ചുവരുന്നു. ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവർക്കുള്ള ഏക ലക്ഷ്യം സർക്കാർ ഉദ്യോഗങ്ങൾ മാത്രമാണു്. വ്യവസായത്തിലൊ വാണിജ്യത്തിലൊ ഏർപ്പെടുന്നവർ ചുരുക്കം. അവർക്കു വ്യവസായപരമായും വാണിജ്യപരമായും യാതൊരു തഴക്കവും പഴക്കവുമുണ്ടായിരിക്കയുമില്ല. അതിനാൽ അവരെല്ലാം സാമാന്യമായി സർക്കാരുദ്യോഗങ്ങൾ തേടി പുറപ്പെടുകപതിവാണു്. അതിൽ പുറപ്പെടുമ്പോൾ വകുപ്പധ്യക്ഷന്മാർ ജാതി നോക്കി നിയമനം നടത്തുന്നുവെന്നൊ അവർക്കു് വർഗ്ഗീയപക്ഷപാതമുണ്ടെന്നൊ ഉള്ള നിലവിളി എല്ലാ ഭാഗത്തു നിന്നും കേൾക്കുന്നുണ്ടു്. അതു് ചില കുടുങ്ങളിൽ വാസ്തവമായിരിക്കാം. ഉദ്യോഗവഴക്കു നമ്മുടെ നാട്ടിൽ കൊല്ലംതോറും വർദ്ധിച്ചാണു് വരുന്നതെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആ നിലയ്ക്കു് അതിനെന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് അത്യാവശ്യമാണു്. ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പർമാർ ചോദിച്ചതു് പബ്ലിക്ക് സർവ്വീസു് കമ്മീഷനു് കൊടുക്കുന്ന ചട്ടങ്ങൾ പോലെ വകുപ്പധ്യക്ഷന്മാർക്കും ചട്ടങ്ങൾ കൊടുത്താൽ നിയമനകാര്യങ്ങൾ ഭംഗിയായിട്ടു നടക്കുകയില്ലേ എന്നാണു്. തിരുവിതാംകൂറിൽ നടന്നതായി എനിക്കറിവുള്ള ഒരു സംഗതി ഞാൻ ഇവിടെ പറയാം. തിരുവിതാംകൂറിൽ മിസ്റ്റർ രാഘവയ്യ ദിവാൻജിയായിരുന്ന കാല

LIBRARY ARCHIVES Kerala Legislative Assembly

ത്തു് വർഗ്ഗീയ പ്രാതിനിധ്യമനുസരിച്ചു നിയമനങ്ങളും നടത്താൻ പഴുതുപറ്റുന്നതുമായ ചട്ടങ്ങളും വകുപ്പധ്യക്ഷന്മാർക്കു കൊടുക്കുകയുണ്ടായി. എന്നാൽ ആ ചട്ടങ്ങളനുസരിച്ചുള്ള പ്രവർത്തികളും വകുപ്പധ്യക്ഷന്മാർ നടത്തുകയുണ്ടായില്ല. അതിനാൽ ആ ചട്ടമനുസരിച്ചു നിയമനങ്ങളും ശരിയായി നടത്തുന്നില്ല എന്നുള്ള ആക്ഷേപം അവിടത്തെ കൌൺസിലിൽ കൂടക്കൂടെ വന്നുകൊണ്ടിരുന്നു. മിസ്റ്റർ രാഘവയ്യ തത്സംബന്ധമായി ചില അന്വേഷണങ്ങളും നടത്തുകയും വകുപ്പധ്യക്ഷന്മാരെ താക്കീതു ചെയ്കയും മറ്റുമുണ്ടായതായി ഞാൻ കേട്ടിട്ടുണ്ടു്. ഒരു വകുപ്പധ്യക്ഷൻ വരുമ്പോൾ ആ ചട്ടങ്ങളെല്ലാം നടത്തിയെന്നും മറ്റൊരു വകുപ്പധ്യക്ഷൻ വരുമ്പോൾ അതനുസരിച്ചു നടത്തിയില്ലെന്നും വരും. എന്നാൽ പബ്ലിക്കു് സർവ്വീസു കമ്മീഷൻ ഉണ്ടായാൽ ആ ചട്ടങ്ങളനുസരിച്ചു പ്രവർത്തിക്കുവാൻ മുതലപ്പെട്ട ഏതാനും സത്യസന്ധന്മാരുംയോഗ്യന്മാരുമായ ആളുകൾ ഉണ്ടായിരിക്കും. വർഗ്ഗീയ പക്ഷപാതം കാണിക്കുകയാണെങ്കിൽ തന്നെ അവർക്കു് ഒരു വകുപ്പധ്യക്ഷനേക്കാൾ അധികം വിഷമമുണ്ടാകുമെന്നുള്ളതിനും സംശയമില്ല. ഉദ്യോഗനിയമനങ്ങൾ നടത്തുവാനുള്ള അധികാരം ഏതാനും സമർത്ഥന്മാരും നിഷ്പക്ഷപാതികളുമായ ആളുകളുടെ കരങ്ങളിൽ സമർപ്പിക്കുമ്പോൾ അവർ അതിൽ പ്രത്യേകം ദൃഷ്ടി വെച്ചു് പ്രവർത്തിക്കുവാനാണു് ഇടയുള്ളതു്.

മദിരാശി സർവ്വീസ കമ്മീഷനെപ്പറ്റി പലതും ഇവിടെ പറയുകയുണ്ടായി. ഈ അടുത്ത അവസരത്തിൽ തന്നെ അവിടത്തെ സർവ്വീസുകമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചു മദിരാശിനിയമസഭയിൽ നടന്ന വാദപ്രതിവാദങ്ങളും ഞാൻ വായിച്ചതായി ഓർക്കുന്നുണ്ടു്. സർവ്വീസ്സിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായ പ്രതിനിധികളും പറഞ്ഞതു് "it is doing very useful work" എന്നാണു്. ഇപ്പോൾ ഈ സർവ്വീസു കമ്മീഷൻ കൊണ്ടു് ഫലമില്ലെന്നു് അവിടെയുള്ള ജനപ്രതിനിധികൾക്കു്—പ്രത്യേകം സർവ്വീസിൽ പ്രാതിനിധ്യംകുറഞ്ഞസമുദായക്കാരായ മെമ്പർമാർക്കു്—അഭിപ്രായമുണ്ടായിരുന്നെങ്കിൽ, ഞാൻ പ്രൊസീഡിംസിൽ കണ്ടതുപോലെ "it is doing very uselul work" എന്നു അവർ സമ്മതിച്ചു പറയുകയില്ലായിരുന്നു. ഇങ്ങനെ പറഞ്ഞിരിക്കുന്നതുകൊണ്ടു് സർവ്വീസു കമ്മീഷൻ പ്രയോജനപ്രദമാണെന്നുള്ള അഭിപ്രായക്കാരാണു് അവർ എന്നു് കാണുന്നു. ജനുവരി ൨൮-൦൯-൩൩ യിലെയൊ ൨൯-൦൯-൩൩ യിലേയൊ റിപ്പോർട്ടു് എടുത്തുനോക്കിയാൽ ഞാൻ മേൽപ്രസ്ഥാപിച്ച വിവരം കാണാം. അതിനു പുറമെ അധികാരം ഭരണകർത്താക്കളിൽ നിന്നെടുത്തു ജനങ്ങളുടെ കരങ്ങളിൽ നിക്ഷേപിക്കുന്നതാണു് ഇപ്പോഴത്തെ ജനഹിതഭരണ മുറ എന്നു് എല്ലാവരും വിശ്വസിക്കുന്നു. ഒരേ ഒരു ഉദ്യോഗസ്ഥന്റെ ഭരണത്തിലൊ കരങ്ങളിലൊ സമർപ്പിക്കപ്പെട്ടിരിക്കുന്ന അധികാരം ജന

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളെന്നോ ജനസമ്മതരെന്നോ കരുതപ്പെടുന്ന ആളുകളുടെ കയ്യിൽ സമർപ്പിക്കുമ്പോൾ ദോഷമായി തീരുമെന്നു പറയുന്നതിന്റെ അർത്ഥവും, യുക്തിയും എനിയ്ക്കു മനസ്സിലാകുന്നില്ല.

ഇപ്പോഴത്തെ ദിവാൻജിയുടെകാലത്തു് — ഈ ഭരണത്തിൽ — കമ്മീഷൻ ആവശ്യമില്ലെന്നു പറയുന്ന ആ മാന്യമെമ്പർമാരോടു് ഞാൻ യോജിയ്ക്കുന്നില്ല. ഇപ്പോഴത്തെ ഭരണാധികൃതൻ നിഷ്പക്ഷപാതിയാണെന്നുള്ളതു ശരി. എങ്കിലും അദ്ദേഹം എക്കാലവും ഇവിടെയുണ്ടായിരിക്കയില്ലല്ലൊ. ഇപ്പോഴത്തെ നിലയിലുള്ള ഈ ഭരണവും ഭരണാധികാരിയുമായതുകൊണ്ടാണു് നിയമവിഷയത്തിലുള്ള അധികാരം നമുക്കു വിട്ടുതരാമെന്നു പറയുന്നതു്. അങ്ങിനെ ചെയ്യാൻ ഇഷ്ടമില്ലാത്ത ഒരു ഭരണവും ഭരണാധികൃതനും ഇനി ഒരു കാലത്തു് ഉണ്ടായേക്കാം. അതിനാൽ ഇപ്പോഴത്തെ ഭരണാധികാരി വിട്ടുതരാമെന്നു പറയുന്ന അധികാരത്തെ നാം സന്തോഷത്തോടു കൂടി സ്വീകരിക്കേണ്ടതല്ലെ എന്നാണു് ഞാൻ ചോദിയ്ക്കുന്നതു്. കമ്മീഷന്റെ അംഗങ്ങളായി മൂന്നോ, നാലോ പേർ ഉണ്ടായിരിയ്ക്കുമെന്നു തോന്നുന്നു. അങ്ങിനെ മൂന്നോ, നാലോ ജനസമ്മതന്മാരായ യോഗ്യന്മാർ ഉദ്യോഗനിയമനങ്ങൾ നടത്തിക്കൊള്ളട്ടെ. ഇപ്പോഴത്തെ ഭരണാധികാരികൾ കരുണാപൂർവ്വം നിശ്ചയിച്ചിരിയ്ക്കുന്നതിനെ ഏതു ന്യായം പറഞ്ഞു എതിർക്കാമെന്നാണു ഞാൻ ചോദിക്കുന്നതു്. അതിനുള്ള ന്യായമൊന്നും ഞാൻ കാണുന്നില്ല. രണ്ടോ മൂന്നോ പേരുടെ പ്രവർത്തികളും ചിലപ്പോൾ മനുഷ്യസ്വഭാവമനുസരിച്ചു് തെറ്റിപ്പോയേക്കാം. എങ്കിലും ഒരാൾ തനിച്ചു ചെയ്യുന്നിടത്തോളം അബദ്ധങ്ങൾ രണ്ടു മൂന്നു പേർ ആലോചിച്ചു പ്രവർത്തിയ്ക്കുമ്പോൾ ഉണ്ടാകുന്നതല്ല. ഏതായാലും ഒരാളിലിരിക്കുന്ന നിയമനാധികാരം ജനങ്ങളുടെ കയ്യിലേയ്ക്കു വിട്ടുകൊടുക്കാമെന്നു പറയുന്നതിനെ എതിർക്കുന്നതു് ഒരിക്കലും ശരിയായിട്ടുള്ളതല്ല. ഇപ്പോൾ ജനകീയഭരണമാണു് നാമെല്ലാവരും ആഗ്രഹിക്കുന്നതു്. ജനങ്ങളെ ഭരിക്കാനുള്ള അധികാരം ജനങ്ങൾക്കു വിട്ടുകൊടുക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു് നിയമനാധികാരം തരാമെന്നു പറയുമ്പോൾ ഏതാനും പേർ അതിനെ തടയുന്നതിന്റെ അർത്ഥമെന്താണെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല.

പബ്ലിക്ക് സർവ്വീസു കമ്മീഷനെപ്പറ്റി ഇവിടെ മാത്രമല്ല തിരുവിതാംകൂറിലും ഇപ്പോൾ ബലമായ ആലോചന നടക്കുന്നുണ്ടു്. ഒരു കമ്മിഷനെ ഏർപ്പെടുത്തി ഏതെല്ലാം തരത്തിലാണു് സർവ്വീസു കമ്മീഷൻ രൂപീകരിക്കേണ്ടതു് എന്നും മറ്റുമുള്ള കാര്യങ്ങളെക്കുറിച്ചു അവിടത്തെ ഗവർമ്മെണ്ടു് പല ആലോചനകളും നടത്തിവരുന്നു. മദ്രാശിയിൽ ഈ തരത്തിലുള്ള ഒരു കമ്മിഷൻ ഏർപ്പെടുത്തിയിട്ടു വർഷങ്ങൾ പലതു കഴിഞ്ഞു. ഈ നിലക്കു ഈ കൌൺസിലിലെ ചില ബഹുമാനപ്പെട്ട മെമ്പർമാർ ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുന്നതു ആശ്ചര്യാവഹമല്ലയ്യൊ? ഉദ്യോഗവഴക്കുപോലെ അത്ര ശക്തിയേറിയതും നിലനിന്നു പോരുന്നതുമായ വേറൊരുവഴക്ക് ഈ സംസ്ഥാനത്തിൽ കാണുവാനൊ കേൾക്കുവാനൊ എനിക്കിടവന്നിട്ടില്ല. അതുസംബന്ധിച്ചുള്ള പ്രക്ഷോഭണങ്ങളിൽ പങ്കെടുക്കുവാനും എനിക്കു സംഗതിയായിട്ടുണ്ട്. വകുപ്പുമേലദ്ധ്യക്ഷന്മാരെക്കുറിച്ചുള്ള പ്രധാന ആക്ഷേപം നിയമന കാര്യത്തെപ്പറ്റിമാത്രമാണു". ഉദ്യോഗ വിതരണത്തേക്കാൾ എത്രയൊ പ്രധാനപ്പെട്ട ഒന്നാണു് കൊച്ചി ഹാർബർകാര്യം. അതു വേണമെന്നൊ വേണ്ടെന്നൊ ഉള്ളതിനെപ്പറ്റി അധികമാരും പറഞ്ഞുകേൾക്കുന്നില്ല. അവിടെ രാമൻമെനോനെ നിയമിച്ചു, ഇവിടെ ജോസേഫിനെ നിയമിച്ചു അയ്യർമാരെ ഡജൻ കണക്കിനു നിയമിക്കുന്നു; അതുശുപാർക്കൊണ്ടാണു്, ചാക്കിക്കാരായതുകൊണ്ടാണു്, അല്ലെങ്കിൽ തായ്വഴിക്കുള്ള ബന്ധുത്വം കൊണ്ടാൺ്,എന്നുള്ള പരാതികൾ മാത്രമല്ലാതെവേറെയൊന്നും ഈ നാട്ടിൽ എങ്ങുംതന്നെ പറഞ്ഞുകേൾക്കാറില്ല. ഇതിനെക്കാൾ എത്രയൊപ്രധാനപ്പെട്ടതും സാക്ഷാൽ പാളിട്ടിക്സു് എന്നു പറയാവുന്നതുമായ ചില കാര്യങ്ങളെങ്കിലുംനമ്മുടെ നാട്ടിലില്ലാതില്ല. അവയെക്കുറിച്ചു ഈ നാട്ടിലെ മിക്കപത്രങ്ങളും പ്രസ്താവിച്ചു കാണുന്നില്ല ഇപ്പോൾ എന്റെ മുമ്പിലിരിക്കുന്ന പത്രത്തിൽ ഞാൻ കാണുന്നതു് സമുദായമാത്സര്യങ്ങളും ഉദ്യോഗസംബന്ധമായ ആക്ഷേപങ്ങളുമാണു്. അതുകൊണ്ടു് ഇപ്പോഴത്തെ കാലസ്ഥിതിക്കു് വല്ല കാര്യങ്ങൾക്കും ഇവിടെ പ്രാധാന്യമുണ്ടെങ്കിൽ അതു് ഉദ്യോഗ കാര്യം മാത്രമാണു്. അതിനാൽ ഇവിടെ നടക്കുന്ന ഈ വഴക്കു കുറയ്ക്കാനായി ഗവമ്മെണ്ടുചെയ്യുന്ന ശ്രമത്തെ ഞൻ ശ്ലാഘിക്കുകയും ഈ പ്രമേയത്തെ എതിർക്കുകയും ചെയ്യുന്നു.

Mr. M. A. Chakko.—Sir, I rise to oppose this resolution. The resolution is this: "This Council recommends to the Government to drop the idea of having a Public Service Commission in our State". Public Service Commission is intended to sit upon the question of getting or having the best servants for the State to fill up vacancies. As already pointed out by the Hon'ble Member for Cheruviruthi, if any vacancy occurs in the service of the Government at present there are numerous applicants. It is also true that our Colleges are producing a large number of graduates and undergraduates and the demand is far far short of the supply. There is a rush of educated young men for places in the service of the Government. Every one of these applicants or candidates believes that he has a claim to be preferred and taken into the service of the Government for several reasons. All of them could not be taken. Some or one at least must be taken. Who is to be taken is the question. That question has to be decided. The decision of that import-

LIBRARY ARCHIVES Kerala Legislative Assembly

ant question rested with, or was in, the central authority of the Diwan. By decentralisation that power was delegated to a certain extent to a few heads of departments. They exercised that power; and we may say that they have been doing it fairly well all this long time. But the times have changed. Vacancies have become fewer, compared with the number of applicants. Hence rush for preference, disappointment and dissatisfaction! The problem before the Government is how to give satisfaction. As has been mentioned by several previous speakers, great dissatisfaction is felt by the subjects of the State of all denominations, that public service is not evenly or fairly distributed amongst the claimants who are applying for the posts. The Government had thus entertained the idea of having a Public Service Commission. Now this Council is asked to request the Government to drop that idea. We must, before doing that, point out to the Government how they can satisfactorily solve the problem without having recourse to this. The idea, I should think, must be respected.

One point of objection is that Public Service Commission has not been a success in British India where it was tried for some time. One cannot say that Cochin State cannot excel British India in certain matters. British India deals with vast number of population, various interest and different influences which do not have the same effect in this small State of Cochin. I think I would be giving utterence to the feelings of the people in the State as well as the Hon'ble Members of this House when I say that in the matter of official corruptions and things like that Cochin State can be proud of being better off than British India. So if in that matter the sons of Cochin soil have shown better sense of responsibility, one should think that select sons of Cochin can do this piece of work, if entrusted to them, successfully. There is no reason for the note of warning now struck in this House. The Hon'ble Member for Government has said that we are going to have a sort of Judicial Committee to sit upon the question, i. e., to find out who has got the best claim to be preferred for any appointment, who among the candidates that appear before the Government, seeking service, has the best claim. A judicially minded Committee is to sit upon that question. I should think that tried men of integrity, whose life has been transparently honest and sincere, can be trusted to do the right thing to the sons of the soil who claim to be preferred as officers who are to serve the coming generation. Therefore there is no ground to apprehend that the Public Service Commission will cause any harm to the service or to the State or to the public. I should think that the idea is not so bad as to be dropped at once.

LIBRARY ARCHIVES Kerala Legislative Assembly

Again, there is wisdom or, I should say, fairness in multitude of heads. If I have a case to be heard and decided, I would prefer that it is heard and decided by three persons instead of one. It is on this principle that the Cochin State has got three Judges in the Chief Court rather than one. Here the Government is going to entrust the work that was done by one individual head of the department to three or four persons to do jointly together. We can expect greater fairness from three persons sitting and deciding a matter together than from one person doing it in his office room without publicity at the recommendation of persons under him. Therefore on that ground also the idea of Public Service Commission is happy. It would be useful and advantageous to the public, more especially for the sections of the public who are crying for greater representation in the services.

Another objection which I would touch upon is this: The idea of Public Service Commission need not now mature, because we have at present a Diwan, as Head of the Administration, who is quite impartial, and who has no identification or kinship with anybody in the State who would go to him to seek an appointment. That is a sound argument indeed! Therefore it is said that the Public Service Commission can wait. But the question has to be approached from another side. The Public Service Commission itself has to be watched; the man who is to watch will be eminently fitted for the watching purpose if he has nothing to be gained by one party getting preference over another. It is good to lay down healthy traditions for the Public Service Commission which, we should think, must function for a very long, long time. The start must be given under the auspices of a Diwan or executive Head of Administration who would be in such a position as to guide and direct it in the proper channel. Therefore this is the most auspicious time for inaugurating and bringing it into effect. Still another point that was hinted was that the drawback, if any, can be cured by having proper rules. I should think that it is not a sound proposition to affirm that if we have very good laws we need not have sound Judges. I am of opinion that even though we have good laws we must have good Judges also to administer that law. So making of laws will not cure the defect, unless those who carry out the law or give effect to the law are also selected with equal sense of purpose and usefulness for the State. I should not take up much of the time of the House on elaborating on other points. Therefore, on these grounds, I oppose the motion that the idea should be dropped.

മിസ്റ്റർ കെ. ടി. മാത്യു.—സർ, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആവശ്യമില്ലെന്ന സ്ഥാപിക്കുവാനായി ഈ പ്രമേയം അവത

LIBRARY ARCHIVES Kerala Legislative Assembly

രിപ്പിച്ച മാന്യ മെമ്പർ പറഞ്ഞ ഒരു സംഗതി ഉദ്യോഗങ്ങൾകൊടുക്കുവാനായിട്ടാണ് ഇല്ലെന്നാണ്. ഉദ്യോഗങ്ങൾ കൊടുക്കുവാൻ ഇല്ലെങ്കിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏർപ്പെടുത്തുവാൻ ഗവർമ്മെണ്ട് തെരുമ്പോൾ കൊടുക്കുവാനുണ്ടെന്ന നിശ്ചയമുള്ളതുകൊണ്ടാണ് ഈ കമ്മീഷൻ ഏർപ്പെടുത്തുവാൻ ഗവർമ്മെണ്ടു തീർച്ചപ്പെടുത്തിയിട്ടുള്ളതെന്ന നിസ്സംശയം പറയാം. നിയമസഭാ മെമ്പർമാർ ആവശ്യപ്പെട്ടതനുസരിച്ച് ഗവർമ്മെണ്ടു ഗസറ്റിൽ ഓരോ വകുപ്പുകൾക്ഷണമാത്രം കാട്ടർലി ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതു നോക്കിയാൽതന്നെ ഉദ്യോഗങ്ങൾ കൊടുക്കുവാനുണ്ടെന്ന മനസ്സിലാകുന്നതാണ്. എന്നാൽ സ്ഥിരം ഭവാൻജ്ഞയായ സായ്പു ഇവിടെനിന്നു കടന്നതോടുകൂടി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഈ ലിസ്റ്റുകളും പമ്പകടന്നു. ഉദ്യോഗം ഒന്നും കൊടുക്കാതെയൊ, അല്ലെങ്കൊടുത്തിട്ടും ഗസറ്റിൽ പ്രസിദ്ധപ്പെടുത്താതേയൊ എന്തുകൊണ്ടാണ് അതു കാണാതെയായതെന്ന നല്ല നിശ്ചയമില്ല. ഉദ്യോഗങ്ങൾ കൊടുത്തിട്ടും ലിസ്റ്റു പ്രസിദ്ധപ്പെടുത്താതെ നീട്ടിയിരിക്കയാണെന്നുള്ളതിനു ഇവിടെ നടന്ന ചില ചോദ്യോത്തരങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. എതായാലും ഉദ്യോഗങ്ങൾ കൊടുക്കുവാനുണ്ടെന്നുള്ളതിനു കാട്ടർലി ലിസ്റ്റുതന്നെ ഉത്തമലക്ഷ്യമാണ്. ഉദ്യോഗങ്ങൾ കൊടുക്കുവാനുള്ളതുകൊണ്ടാണ്, ശരിയായവിധത്തിൽ ഉദ്യോഗങ്ങൾ കൊടുക്കുന്നുണ്ടൊ എന്ന് ഇവിടെ പലപ്പോഴും ചോദിയ്ക്കുന്നതിനും ഇടയാകുന്നതു്. ഈ നിയമസഭയിൽതന്നെ ഒരു ഗവർമ്മെണ്ടുദ്യോഗസ്ഥനെ ആക്ഷേപിയ്ക്കുവാനായി കൊണ്ടുവന്ന ഒരു വിഷയം അദ്ദേഹം അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെണ്ടിൽ ഓരോ ജാതിക്കാർക്കും വേണ്ടതരത്തിൽ ഉദ്യോഗങ്ങൾ കൊടുത്തിട്ടില്ല എന്നുള്ളതാണ്. ഈ ആക്ഷേപങ്ങൾ പലപ്പോഴും പലരിൽനിന്നും ഗവർമ്മെണ്ടു അറിഞ്ഞിട്ടുള്ള സംഗതിയാണ്. ഈ ആക്ഷേപങ്ങൾ മേലിൽ ഉണ്ടാകാതിരിപ്പാനായി ഉദ്യോഗനിയമഭാരം ഒരു പബ്ലിക്ക് സർവ്വീസ് കമ്മീഷനെ ഏല്പിക്കണമെന്നാണ് ഗവർമ്മെണ്ടിന്റെ ഉദ്ദേശമെന്നു തോന്നുന്നു. അങ്ങിനെചെയ്താൽ മറ്റു ജോലികൾ നിയമസഭയിലെ അനുദ്യോഗസ്ഥമെമ്പറന്മാർ കുറെ പറയാതെ ശരിയായി നടത്താൻ കഴിയുമെന്നുള്ള ഉദ്ദേശം കൊണ്ടായിരിയ്ക്കാം ഗവർമ്മെണ്ടു് ഈ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏർപ്പെടുത്തുന്നതിനു ഉദ്യമിച്ചിട്ടുള്ളതു്. ഏതൊരു ഒരു ഉദ്യോഗസ്ഥനിൽനിന്നു് ഉദ്യോഗനിയമനാധികാരം എടുത്തുനീക്കുകയാൽ അദ്ദേഹത്തിനു വളരെ സമയം ഡിപ്പാർട്ടുമെണ്ടു ജോലികൾക്കുവേണ്ടി ചിലവാക്കുവാൻ കിട്ടുമെന്നുള്ളതിനു സംശയമില്ല. (ഹിയർ, ഹിയർ) ഉദ്യോഗസ്ഥന്മാർക്കുമാത്രമല്ലാ, ഇങ്ങിനെ ഒരു കമ്മീഷൻ ഉണ്ടാക്കിയാൽ നിയമസഭാംഗങ്ങൾക്കും കുറെ സമയവും സൌകര്യവും കിട്ടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാംഗങ്ങൾക്കു പല ഉദ്യോഗസ്ഥന്മാരുടേയും അടുക്കൽ ശുപാർശ ചെയ്യുവാൻവേണ്ടി പോകുവാനുള്ള ബുദ്ധിമുട്ടുകയും. പലപ്പോഴും പല മെമ്പർമാരും ഗവമ്മെണ്ടുദ്യോഗസ്ഥന്മാരുടെ അടുക്കൽചെന്ന് ഇന്നാൾക്ക് ഉദ്യോഗം കൊടുക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള സത്യാവസ്ഥ മറച്ചുവയ്ക്കാവുന്ന ഒന്നല്ല. (ഹിയർ, ഹിയർ) ഇങ്ങനെ നാംതന്നെ അവരെ പ്രേരിപ്പിയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, അതെ അവരെ ഉപദ്രവിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, അവർക്ക് അതിൽനിന്നും രക്ഷ കിട്ടണമെന്നാഗ്രഹമുണ്ടെങ്കിൽ, നാം എന്തിനും അതിനും തടസ്സമായി നില്ക്കുന്നു? അവർക്ക് ഈ ഉദ്യോഗ നിയമന ഭാരവും അതുമൂലമുള്ള ഉപദ്രവങ്ങളും ഇല്ലാതാക്കണമെന്നാഗ്രഹമുണ്ടെങ്കിൽ അതിനും നമ്മൾ എല്ലാവരും സമ്മതിക്കേണ്ടതല്ലേ? ഗവമ്മെണ്ടു തന്നെത്താനേ പെട്ടെന്നു ഒരു സർവ്വീസ് കമ്മീഷൻ വേണമെന്നു നിശ്ചയിച്ചതാണെന്നു തോന്നുന്നില്ല ഈ സംഗതിയെപ്പറ്റി ഈ സഭയിൽ ഒന്നുരണ്ടുപ്രാവശ്യം പ്രമേയങ്ങൾ ഹാജരാക്കയുണ്ടായി. അപ്പോഴെല്ലാം ഇതിന്റെ ആവശ്യത്തെപ്പറ്റി ചിന്തിയ്ക്കുവാനുള്ള ആവശ്യവും സൌകര്യവും ഗവമ്മെണ്ടിനുണ്ടായിട്ടുണ്ട്.

മറ്റൊരുസംഗതികൂടിയുണ്ട്. ഇപ്പോൾ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെണ്ടിൽ ഒരു ഉദ്യോഗം ഒഴിവു വന്നാൽ ആ ഡിപ്പാർട്ടുമെണ്ടിലുള്ളവർമാത്രമല്ലാതെ മറ്റു ഡിപ്പാർട്ടുമെണ്ടിലുള്ളവരാരും അറിയുന്നതിനിടകൊടുക്കുന്നില്ല. ഉദ്യോഗം ഒഴിവുവന്ന അറിവുകിട്ടുന്നതു് ഇദ്യോഗത്തിലേക്കുള്ള നിയമനം കഴിഞ്ഞിട്ടായിരിക്കും. അനുദ്യോഗസ്ഥ മെമ്പർതന്നെ ഉദ്യോഗ ഒഴിവു ഉണ്ടായതായി അറിയുന്നതു് കുറച്ചുകാലം കഴിഞ്ഞാണു്. എറണാകുളത്തു് ഏതെങ്കിലും ഒരു ജോലി ഒഴിവുവന്നാൽ അതു് തൃശ്ശിവപേരൂരിലുള്ളവർക്കു് അറിയുവാനെളുപ്പമില്ല. അതിലും അധികം പ്രയാസമാണു് കുന്ദംകുളം, ചാവക്കാടു് മുതലായ സ്ഥലങ്ങളിലുള്ളവർക്കു്. അവിടേയും B. A., M. A., B. L. എല്ലാം ജയിച്ചിട്ടു് ജോലിയില്ലാതിരിയ്ക്കുന്നവർ ഉണ്ടു്. ഉദ്യോഗം ഒഴിവുണ്ടെന്നുള്ള വിവരം അറിഞ്ഞു അതിനു പരിശ്രമിയ്ക്കുവാൻ ആരംഭിക്കുമ്പോൾ ഉദ്യോഗനിയമം കഴിഞ്ഞതായി സൂക്ഷ്മ അറിവുകിട്ടും. അപേക്ഷകന്മാരായി വന്നിട്ടുള്ളവരേക്കാളും യോഗ്യത കുറഞ്ഞിട്ടുള്ളവരെ പിടിച്ചു് നിയമിച്ചു കഴിഞ്ഞിരിയ്ക്കും. അതുകൊണ്ടു് തലപ്പള്ളി, ചാവക്കാടു് താലൂക്കുകളിലുള്ള സമർത്ഥനും, വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവനുമായ ഒരാൾക്കു് ഉദ്യോഗം കിട്ടണമെന്നുണ്ടെങ്കിൽ ഇപ്പോഴത്തെ നിലയ്ക്കു് സർവ്വീസ് കമ്മീഷൻ കൂടാതെ സാധിയ്ക്കയില്ല എന്നാണു് എന്റെ വിശ്വാസം. ഇന്നലെ ഇവിടെ നമ്മുടെ മെമ്പർ ഒരു ചോദ്യത്തെ തുടർന്നു പറഞ്ഞതു് ആ ഭാഗത്തുള്ളവർക്കു് ശരിയായി ഉദ്യോഗങ്ങളൊന്നും കിട്ടുന്നില്ല എന്നാണു്. ഇതുതന്നെയാണു് തലപ്പള്ളി താലൂക്കിലുള്ളവർക്കും പറയാ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ളതു്. തലപ്പള്ളി താലൂക്കിനെ സംബന്ധിച്ചു ഞാൻ കുറച്ചു മുമ്പു ചോദിക്കുകയും ചോദിച്ചിട്ടുണ്ടായിരുന്നു. അതിനു കിട്ടിയ മറുപടി ഒട്ടും തൃപ്തികരമല്ലായിരുന്നു. താലൂക്കു സംബന്ധമായും, വസ്തീയമായും, സാമുദായികമായും ഉള്ള ബുദ്ധിമുട്ടുകളും തീക്ഷ്ണമെങ്കിൽ തല്ക്കാലം ഒരു പബ്ലിക്കു് സർവ്വിസ്സു് കമ്മീഷൻ കൊണ്ടല്ലാതെ മറ്റൊരു വിധത്തിൽ സാധിയ്ക്കുമെന്നു് എനിയ്ക്കു് തോന്നുന്നില്ല. മറ്റൊരു വിധത്തിൽ സാധിയ്ക്കുമെന്നു് ഇതുവരെ ഒരു അനുഭവോദാഹരണമെങ്കിലും സർവ്വമെമ്പേരും ചൂണ്ടികാണിച്ചുകൊടുത്തിട്ടില്ല. സർവ്വീസ് കമ്മീഷൻ ഉണ്ടാക്കുവാനാടയാക്കിയ്ക്കു ഉദ്യോഗസ്ഥന്മാർക്കു ഒരിക്കലും പ്രയാസമില്ല. അവർ തങ്ങൾക്കു കിട്ടിയ അധികാരം ദുരുപയോഗിച്ചതുകൊണ്ടാണു് പബ്ലിക്കു് സർവ്വീസ് കമ്മീഷൻ വേണ്ടിവന്നതെന്നു പറയാതെ തരമില്ല.

Mr. M. A. Chakko.—Does not follow.

മിസ്റ്റർ കെ. ടി. മാത്യു.—അതുകൊണ്ടു് സർവ്വമെങ്കിൽ നിന്നു തന്നെ ഇങ്ങിനെ ഒരു കമ്മീഷൻ വേണമെന്നു ആവശ്യപ്പെട്ടിരിയ്ക്കുന്ന ഈ അവസരത്തിൽ അതു് വേണ്ടെന്നു പറയരുതെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി കെ. നായർ.—വളരെ വിലകുറഞ്ഞ ഒരു സാധനം കൌൺസിൽഹാളിലെറിഞ്ഞാൽ അതിനു് ഇത്ര തിക്കും തിരക്കും ഉണ്ടാകുമെന്നു് ഞാൻ വിചാരിച്ചിരുന്നില്ല എത്ര അത്ഭുതമായിരുന്നു ഇവിടെ നടന്ന കാഴ്ച! ഇതിനെ കുറിച്ചു പറയുന്നവർക്കു്—സർവ്വീസ് കമ്മീഷൻ വയ്ക്കുവാൻ സർവ്വമെങ്കിലും തീരുമാനിച്ചു കഴിഞ്ഞു എന്നു പറഞ്ഞു—അതു വേണ്ടാ എന്നൊ വേണം എന്നൊ പറയുവാനേയുള്ളു. അതൊന്നുമല്ലാതെ വേണ്ടാത്ത പിടിയും വലിയും വളരെ രസകരമായ വർത്തമാനങ്ങളുമാണു് ഇവിടെ നടന്നതു്! ഇതൊക്കെ ഞാൻ സൂക്ഷിച്ചു കേട്ടുകൊണ്ടിരുന്നിരുന്നു. ഒരാൾ ആദ്യമായി പറഞ്ഞതു് ഇതു് ഒരു അരിപ്പ സമ്പ്രദായമാണെന്നാണു്. അതായതു് രണ്ടു് അരിപ്പ വയ്ക്കുന്നപോലെ എന്നാണു. ഒരു അരിപ്പ കഴിഞ്ഞു് രണ്ടാമത്തെ അരിപ്പയ്ക്കു് അതു മോറി വയ്ക്കാം എന്നു മാത്രം. ഒരു അരിപ്പ വയ്ക്കുന്നിടത്തു് രണ്ടു് അരിപ്പ വച്ചാൽ പണച്ചിലവു അധികമൊന്നും വരികയില്ല എന്നു പറഞ്ഞു. ഇതു് അദ്ദേഹത്തിന്റെ അനുഭവമാണു് പറഞ്ഞതു്. അതിൽ കാര്യമായിട്ടു് ഒന്നുമില്ല.

പിന്നെ സർവ്വമെങ്കിലും ഈ വിഷയത്തിൽ ഉറച്ചു കഴിഞ്ഞുവെന്നുപറഞ്ഞു. അതു കേട്ടിട്ടു് പിന്നെ അതും ഇതിനെ കുറിച്ചു സംസാരിയ്ക്കുണ്ടായതുമേ ഉണ്ടായിരുന്നില്ല. കൌൺസിലിലെ അഭിപ്രായം പോലെ ചെയ്യാമെന്നല്ല, ഞങ്ങൾ ഇതു് തീച്ചയാക്കികഴിഞ്ഞിരിക്കുന്നുവെന്നാണു് സർവ്വമെങ്കിലും പറഞ്ഞതു്. ഇതിന്റെ ഗുണദോഷം അറിയാവുന്നവരാരും നിശ്ചയമായും ഇതിനെപ്പറ്റി പിന്നെ സംസാരിയ്ക്കയില്ല. എന്നിട്ടും അനവധി അളുകൾ ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

ച്ചറി സംസാരിയ്ക്കുകയുണ്ടായി. ഇതിന്റെ വില ഇത്രയുള്ളുവെന്നു വന്നാൽപിന്നെ എല്ലാവരുടേയും തീപ്പിപോലെ നടക്കട്ടെ എന്നു ഞാനും കരുതി. എന്നാൽ ഇതിൽ എനിയ്ക്കുള്ള കൃതാർത്ഥതയെന്താണെന്നു വെച്ചാൽ വരാൻപോകുന്ന വിഷമം മുൻകൂട്ടി പറഞ്ഞു കഴിഞ്ഞല്ലൊ എന്നുള്ളതാണ്. ഇങ്ങിനെയൊരു സർവ്വരോഗ നിവാരണി ഔഷധം—യൂക്കാലിപ്റ്റസ് തന്നെ—കണ്ടുപിടിച്ചതിൽ ഗവർമ്മെണ്ടിനേയും ഉദ്യോഗസ്ഥന്മാരേയും ഞാൻ അനുമോദിക്കുന്നു. ആയുക്കാലിപ്റ്റസ് ഔഷധം ഉപയോഗിച്ച് ആയുരാരോഗ്യസമ്പൽ സമൃദ്ധിയോടുകൂടി ചിരകാലം വാഴുവാനും, ഇനിമേലിൽ വർത്തമാനപത്രങ്ങളിലൊന്നിലും കമ്മ്യണൽ റിപ്രസന്റേഷൻ കാണാതിരിയ്ക്കുവാനുമായി ഞാൻ ജഗദീശ്വരനോടു പ്രാർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിൻവലിയ്ക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Resolution was with leave, withdrawn.

12. Elephantiasis and Hydrocele diseases in the State.

Mr. K. Ayyappan.—May I know whether the Rockfeller Institute would undertake the work?

Dr. D. Raghavendra Rao.—I am not sure whether the Rockfeller Institute would take up the responsibility for investigating into this matter. Any how we have addressed them.

Mr. K. Ayyappan.—I do not move.

Hence the following resolution was considered withdrawn.

Mr. K. Ayyappan.—*This Council recommends to the Government to ask the Director of Public Health to investigate the disease of elephantiasis and hydrocele in the State with a view to find out ways of preventing and remedying the diseases.*

As the following resolutions were not moved they were also considered withdrawn.

Mr. Popatlal Goverdhan Lalan.—*This Council recommends to the Government to take immediate steps to widen the scope of the Government Aided Industrial Schools so as the pupils coming out of such institutions may be found to be fit to earn their livelihood.*

Mr. A. Eachara Menon.—*That this Council recommends to the Government that no Judicial officer be appointed Diwan of the State.*

13. Proclamation abolishing untouchability.

Mr E. Ikkanda Warriar.—Sir, I move the resolution standing in my name. It runs thus :—"This Council recommends to the Government to issue a Proclamation abolishing untouchability in the State". The subject matter of this resolution had been discussed in this Council more than once and if I remember right the Government had promised to consider.

LIBRARY ARCHIVES Kerala Legislative Assembly